**A** **606**

# സമഗ്ര ശിക്ഷാ, കേരളം

## അർധവാർഷിക മൂല്യനിർണയം 2019-20

## അടിസ്ഥാനശാസ്ത്രം

**ക്ലാസ് : 6** **സമയം: 2 മണിക്കൂർ**


### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 10 പ്രവർത്തനങ്ങളാണ് നൽകിയിരിക്കുന്നത്. അവയിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.

---

**പ്രവർത്തനം 1**

എ) താഴെക്കൊടുത്തിരിക്കുന്ന ആശയഭൂപടം പൂർത്തിയാക്കുക.




ബി) സംയുക്തഫലവും പുഞ്ജഫലവും തമ്മിലുള്ള ഒരു വ്യത്യാസം എഴുതുക.

**പ്രവർത്തനം 2**

താഴെപ്പറയുന്ന ചലനസന്ദർഭങ്ങളെ കൂട്ടങ്ങളാക്കിയിരിക്കുന്നത് ശ്രദ്ധിക്കൂ.

കൂട്ടം (1)
- പമ്പരം കറങ്ങുന്നു.
- കോമ്പസ് ഉപയോഗിച്ച് വൃത്തം വരയ്ക്കുന്നു.

കൂട്ടം (2)
- ഭൂമിയുടെ ഭ്രമണം.
- ചക്കിനുചുറ്റും കാളയുടെ ചലനം.

കൂട്ടം (3)
- ലിഫ്റ്റ് ഉയരുന്നു.
- വെടിയുണ്ടയുടെ ചലനം.

എ) ഇവയിൽ ശരിയായ ജോഡി ഉൾപ്പെട്ട കൂട്ടം കണ്ടെത്തുക.

ബി) മറ്റു രണ്ടു കൂട്ടങ്ങളെയും ശരിയായി ക്രമപ്പെടുത്തി പേരു നൽകുക. ഓരോ കൂട്ടത്തിന്റെയും പൊതുസവിശേഷത എഴുതുക.

**പ്രവർത്തനം 3**

എ) താഴെക്കൊടുത്തിരിക്കുന്നവയെ അനുയോജ്യമായ രീതിയിൽ ജോഡികളാക്കുക.


| ലോഡ്സ്റ്റോൺ | നിയോഡിമിയം | കൃത്രിമ കാന്തം | പ്രകൃതിയിലെ കാന്തം |
|---|---|---|---|

ബി) കാന്തങ്ങളുടെ ഒരു സവിശേഷത എഴുതുക.

സി) കാന്തം, ഇരുമ്പുകഷണം, തെർമോകോൾ, കാർഡ്ബോർഡ്, നൂൽ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു കളിപ്പാട്ടം രൂപകൽപ്പനചെയ്യുക. അതിന്റെ പ്രവർത്തനരീതിയും വിശദീകരിക്കുക.

**പ്രവർത്തനം 4**

പൽച്ചക്രങ്ങളുടെ സംവിധാനം ശ്രദ്ധിക്കൂ.




എ) ഈ സംവിധാനവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായവ കണ്ടെത്തി എഴുതുക.

i) ഒന്നാമത്തെ പൽച്ചക്രത്തിന്റെ എതിർദിശയിലാണ് രണ്ടാമത്തെ പൽച്ചക്രം കറങ്ങുന്നത്.

ii) ഒന്നാമത്തെ പൽച്ചക്രത്തിന്റെ അതേ വേഗതയിലായിരിക്കും മൂന്നാമത്തെ പൽച്ചക്രം കറങ്ങുന്നത്.

iii) നാലാമത്തെ പൽച്ചക്രത്തിന്റെ ദിശയും ഒന്നാമത്തെ പൽച്ചക്രത്തിന്റെ ദിശയും ഒന്നായിരിക്കും.


iv) രണ്ടാമത്തെയും മൂന്നാമത്തെയും പൽച്ചക്രത്തിന് ഒരേ വേഗതയായിരിക്കും.

v) മൂന്നാമത്തെ പൽച്ചക്രത്തിന്റെ അതേ വേഗതയിലായിരിക്കും നാലാമത്തെ പൽച്ചക്രം കറങ്ങുന്നത്.

ബി) യന്ത്രസംവിധാനങ്ങളിൽ പൽച്ചക്രങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള രണ്ടു പ്രയോജനങ്ങൾ എഴുതുക.

**പ്രവർത്തനം 5**

ഒരു കുട്ടിയുടെ അഭിപ്രായം ശ്രദ്ധിക്കൂ....




എ) ഈ തീരുമാനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം ന്യായീകരിക്കുക.

ബി) ഒരു ഭക്ഷ്യവസ്തുവിൽ കൊഴുപ്പ് അടങ്ങിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതെങ്ങനെ?

സി) മനുഷ്യ ശരീരത്തിലെ കൊളസ്ട്രോളിന്റെ സാധാരണ അളവ് എത്രയാണ്?

i) 70 - 110 mg/dl ii) 200 mg/dl വരെ

iii) 50 - 100 mg/dl iv) 25 mg/dl നു മുകളിൽ

**പ്രവർത്തനം 6**

രണ്ടു കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.


| കുട്ടി | രോഗലക്ഷണങ്ങൾ |
|---|---|
| 1 | വായിൽ വ്രണങ്ങൾ, മോണയിൽ പഴുപ്പും രക്തസ്രാവവും |
| 2 | രക്തക്കുറവ്, വിളർച്ച, അമിതമായ ക്ഷീണം |

എ) ഈ കുട്ടികളിൽ കാണുന്ന അപര്യാപ്തതാരോഗങ്ങളുടെ പേരെഴുതുക?

ബി) രോഗം ഭേദമാകുന്നതിന് ഈ കുട്ടികളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ട ആഹാര പദാർഥങ്ങളും അവയിൽ അടങ്ങിയ പോഷകഘടകങ്ങളും ചേർത്ത് ഒരു പട്ടിക നിർമിക്കുക.

പ്രവർത്തനം 7

എ) താഴെ നൽകിയിരിക്കുന്ന ഭക്ഷ്യശൃംഖലാജാലങ്ങൾ നിരീക്ഷിക്കു.




എ) മുയൽ എന്ന ജീവിവർഗം ഇല്ലാതായാൽ ഏത് ഭക്ഷ്യശൃംഖലാജാലത്തെയാണ് കൂടുതലായി ബാധിക്കുക? എന്തുകൊണ്ട്?


ബി ) ഭക്ഷ്യശൃംഖലാജാലം 1-ൽ ഒരു ജീവി, മൂന്നു വ്യത്യസ്തതരം ജീവികളെ ആഹാരത്തിന് ആശ്രയിക്കുന്നു. ആ ജീവിയുടെ പേരെഴുതുക?

സി) ഈ ഭക്ഷ്യശൃംഖലാജാലങ്ങളിലെ ഉത്പാദകന്റെ പേരെഴുതുക.

**പ്രവർത്തനം 8**

എ) താഴെക്കൊടുത്തിരിക്കുന്ന പോഷകഘടകങ്ങളെ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ട അളവിന്റെ അടിസ്ഥാനത്തിൽ ചിത്രീകരണത്തിൽ രേഖപ്പെടുത്തുക.

| | |
|---|---|
| a) കൊഴുപ്പ് | b) ധാന്യകം |
| c) മാംസ്യം | d) വൈറ്റമിനുകളും ധാതുക്കളും |




ബി) നാരുകൾ അടങ്ങിയ ഒരു ഭക്ഷ്യവസ്തുവിന്റെ പേരെഴുതുക? ഇത്തരത്തിലുള്ളവ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത എന്ത്?

സി) ധാതുലവണങ്ങളുടെ അപര്യാപ്തതമൂലമുണ്ടാകുന്ന രോഗങ്ങൾ താഴെ നൽകിയിരിക്കുന്നവയിൽ നിന്നും എടുത്തെഴുതുക.

| |
|---|
| നിശാന്ധത, സ്കർവി, അനീമിയ, ഗോയിറ്റർ, വായ്പ്പുണ്ണ് |

**പ്രവർത്തനം 9**

**കുളം സംരക്ഷണത്തിന് സ്കൂൾ കുട്ടികൾ രംഗത്ത്**

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ കുളം മണ്ണിട്ടുനികത്തുന്നതിനെതിരെ സ്കൂൾ കുട്ടികൾ രംഗത്ത്. ആദ്യമായി ആ പ്രദേശത്തുവീഴുന്ന മഴവെള്ളം കുളത്തിൽ ഒഴുകിയെത്താൻ സൗകര്യമൊരുക്കുകയാണ് അവർ ചെയ്തത്. കുളത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്ക്കരണവും സംരക്ഷണപ്രവർത്തനങ്ങളും അവർ ഏറ്റെടുത്തു.

എ) കുളം സംരക്ഷിക്കാനും നിലനിർത്താനും ചെയ്യാവുന്ന മറ്റു മൂന്നു പ്രവർത്തനങ്ങൾ എഴുതുക.

ബി) കുളം നികത്തിയാൽ ആവാസവ്യവസ്ഥയിലുണ്ടാകുന്ന രണ്ടു ദോഷങ്ങൾ എഴുതുക.

**പ്രവർത്തനം 10**

എ) ഏതെങ്കിലും രണ്ട് വ്യത്യസ്തതരം കാന്തങ്ങളുടെ ചിത്രം വരച്ച് അവയുടെ പേര് എഴുതുക.

ബി) കാന്തങ്ങൾ പ്രയോജനപ്പെടുത്തുന്ന ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എഴുതുക.

സി) കാന്തങ്ങൾ നിർമിക്കുന്നതിന് ഉപയോഗിക്കുന്ന ലോഹസങ്കരം ഏത്?